ഉത്തരം

(എ) ഉണ്ട്. 2010-ലെ ഓണത്തിനോടനുബന്ധിച്ച് കൊല്ലം, കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിൽ ഹാന്റ് ലൂം എക്സ്പോ നടത്തുന്നുണ്ട്. ഇതിനായി സർക്കാർ സാമ്പത്തിക സഹായവും അനുവദിക്കുന്നുണ്ട്. സാമ്പത്തിക സഹായം ഓണത്തിനു മുൻപായി നൽകുന്നതാണ്.

(ബി) കൊല്ലം ജില്ലയിൽ നിലവിലുള്ള കൈത്തറി വികസന സമിതിക്ക് ഇപ്പോൾ എക്സിബിഷൻ നടത്തുന്നതിന് ആവശ്യമായ സാമ്പത്തികസ്ഥിതി ഉണ്ട്. കൂടാതെ ഓണം എക്സിബിഷൻ ആവശ്യങ്ങൾക്ക് ചെലവഴിക്കാൻ കൊല്ലം ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർക്ക് 2 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക കൊല്ലം ജില്ലയിലെ കൈത്തറി വികസന സമിതിയുമായി ചേർന്ന് എക്സിബിഷൻ നടത്താൻ ഉപയോഗിക്കാവുന്നതാണ്.

ജില്ല കേന്ദ്രീകരിച്ചുള്ള കൈത്തറി പ്രദർശനവും വിൽപ്പനയും

195 (5085) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കൈത്തറി സംഘങ്ങൾ കഴിഞ്ഞ വർഷം ഓണത്തിന് ജില്ല കേന്ദ്രീകരിച്ച് പ്രദർശന വിൽപ്പന നടത്തുകയുണ്ടായോ ; ഏതെല്ലാം ജില്ലകളിലാണ് അപ്രകാരം പ്രദർശന വില്പന നടന്നത് ;

(ബി) തിരുവനന്തപുരം ജില്ലയിൽ അപ്രകാരം കൈത്തറി പ്രദർശന വിൽപ്പന നടത്താതിരിക്കാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

(സി) കൈത്തറി പ്രദർശന വില്പന നടന്ന സ്ഥലങ്ങളിൽ വിൽപ്പന തുക അതതു ജില്ലാ ബാങ്കിൽ നിക്ഷേപിച്ചതു നിമിത്തം തൊഴിലാളികൾക്ക് യഥാസമയം ആനുകൂല്യങ്ങൾ നൽകാൻ കഴിയാതെ വന്നിട്ടുണ്ടെന്ന പരാതി ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) മാർക്കറ്റിംഗ് ആന്റ് എക്സ്പോർട്ട് പ്രൊമോഷൻ സ്കീമിന്റെ ഭാഗമായി കഴിഞ്ഞവർഷം ഓണത്തിന് എറണാകുളം, പാലക്കാട്. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് പ്രദർശന വില്പന നടത്തുകയുണ്ടായി.

(ബി) കൈത്തറി സംഘങ്ങളുടെ നിസ്സഹരണത്താലാണ് തിരുവനന്തപുരം ജില്ലയിൽ കൈത്തറി പ്രദർശന വിൽപ്പന നടത്താൻ കഴിയാതിരുന്നത്.

(സി) ഇത്തരത്തിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly